13477

# പ്രണയപ്രസാദം

(ഒരുഖണ്ഡകാവ്യം)



ഗ്രന്ഥകൎത്താ


വി. കേശവപിള്ള

തിരുവല്ലാ.



Printed at the National Printing House,

Tiruvalla.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

# പ്രണയപ്രസാദം

(ഒരു ഖണ്ഡകാവ്യം)

ഗ്രന്ഥകർത്താ

വാല്യപറമ്പിൽ

**കേശവപിള്ള**

തിരുവല്ലം

ഒന്നാംപതിപ്പു്

കോപ്പി 1000ം

(പകൎപ്പവകാശം സ്വായത്തം)

1100

ട

വില ചക്രം 4

(ഗ്രന്ഥകർത്താവിൻെറ അടയാളമില്ലാത്ത പ്രതി
വ്യാജനിർമ്മിതമാകുന്നു.)

SREE KRISHNA VILASOM GRANDHASALA
9798
977

Presented by the author

# അവതാരിക

B977

കുറെക്കാലമായി എനിക്കു പലകാരണങ്ങളാൽ മനശ്ശരീരങ്ങൾക്കു സ്വാസ്ഥതയില്ലാതെയും അതുനിമിത്തം പ്രവൃത്തികൾ ഒന്നിലും ഉത്സാഹമില്ലാതെയും ആണിരിക്കുന്നതു്. എന്നാലും പലരും പല കാൎയ്യങ്ങളിലും എന്നെ പ്രവൎത്തിപ്പിക്കാൻ ശ്രമിക്കയും എനിക്കു സന്തോഷമില്ലെങ്കിലും മററൊരാളിനു ആശാഭംഗം വരുത്തുകയെന്നുള്ളതു് മഹാ ദുഃഖമാകയാൽ പ്രവൃത്തി വേണ്ടിവരികയും ചെയ്യാറുണ്ടു്. ആ കൂട്ടത്തിൽ ഒരാൾ താൻ ഉണ്ടാക്കിയ ഒരു കവിത കേൾപ്പിക്കുന്നതിനായിവന്നു. ആ സമയംഎനിക്കു മനസ്സിനുവളരെ അസ്വാസ്ഥ്യമുള്ളതായിരുന്നതിനാലും ഇക്കാലത്തുണ്ടാകുന്ന സാധാരണകവിതകളെ നോക്കുന്നതിനും കേൾക്കുന്നതിനുമുള്ള മടി നിമിത്തവും അവധി മാററുവാനായി ശ്രമിച്ചുനോക്കി. എങ്കിലും ആ ആളിൻെറ മുഖഭാവഭേദം നിമിത്തം തൽക്കാല സമാധാനത്തിനു വേണ്ടി ഒന്നോരണ്ടോ ശ്ലോകം കേട്ടേക്കാമെന്നു ഞാൻ സമ്മതിച്ചു. എന്തിനു വളരെ പറയുന്നു. അത്രയും കേട്ടപ്പോൾ കവിതയുടെ രീതിഭേദം നിമിത്തം അതുമുഴുവനും ഉടൻതന്നെ വായിച്ചു കേൾക്കുന്നതിനിടയായി എന്നു പറഞ്ഞാൽതന്നെ ആ പ്രബന്ധം എനിക്കു ഹൃദയാകർഷകമായിരുന്നു എന്നു സ്പഷ്ടമാകുന്നു. അതിനു ശേഷമാണു് കവിയുടെ പേർ 'തിരുവല്ലായിൽ വാലുപറമ്പിൽ കേശവപിള്ള' എന്നും പ്രബന്ധത്തിൻെറ നാമം "പ്രണയ പ്രസാദ" മെന്നു മാണെന്നു ഞാൻ ചോദിച്ചു മനസ്സിലാക്കിയതു്.

കൃത്യവശാൽ പ്രതിയാനത്തിനു സൌകൎയ്യമില്ലാതെ വിദേശത്തിൽ പാൎക്കുന്ന ഒരു യുവാവു്, ദിനകൃത്യം തീൎന്നശേഷം സുഖചംക്രമണത്തിനായി ഒരു മലയിൽ ചെന്നപ്പോൾ, പ്രകൃതിവിലാസത്തിൻെറ ഉൽബോധനത്താ

ൽ മുൻപു സംഭവിച്ച ഒരു പ്രേമബന്ധത്തിൻെറ സ്മൃതി വന്നു, തല്ക്കാലം ദൂരസ്ഥയായിരിക്കുന്ന ആ പ്രണയിനിയോടു പറയുന്ന വാക്കുകളാണു് പ്രധാനമായി ഈ കൃതിയിൽ കാണുന്നതു്. തന്നെപ്പോലെ വിരഹാവസ്ഥയിൽ പരിതപിക്കുന്ന പ്രണയിനിയോടുള്ള ഉപദേശവാക്യങ്ങൾ പ്രേക്ഷാവത്തുകളുടെ ചിത്താർദ്രീകരണചതുരങ്ങളും പരിശുദ്ധങ്ങളുമായിരിക്കുന്നു. ഉദാഹരണത്തിനായി ചില പദ്യങ്ങളെ താഴെ ചേർത്തു സ്ഥാലീപുലാകന്യായേന ശേഷം പദ്യങ്ങളും ഈ രീതിയിലുള്ളവയാണെന്നു കാണിക്കുന്നതിനായി ഞാൻ ഉദ്യമിക്കുന്നില്ല. പ്രകരണം മുഴുവനും ഉദാഹരണത്തിനായി ചേക്കണമെന്നാണു് എൻെറ ദൃഢവിശ്വാസം. ഉപദേശരീതിയുടെ നൂതനത്വത്തെ കാണിക്കുന്നതിനായി മാത്രം രണ്ടുശ്ലോകങ്ങൾ താഴെ എഴുതുന്നു.

വ്യഥ താഴ്ത്തുകയല്ലചെയ്യതെന്നും
പുതുചൈതന്യമഭൂതപൂർവ്വമേകി;
സ്ഥിരവസ്തുകളിൽക്കനിഞ്ഞുസത്യോ-
ന്നതിയിൽ പ്രേരണചെയ്ക-തൽസ്വഭാവം
കദനംകനലാണു, മാനുഷാന്തഃ-
കരണം കാഞ്ചനമെന്നുമെണ്ണിടേണം,
കനകത്തിനുകാന്തിക്കൂട്ടമല്ലോ
കനലിൽച്ചുട്ടുവരുത്തെടുത്തുവെന്നാൽ

ഈപ്രകരണത്തിലെശ്ലോകങ്ങളൊക്കെയും വിപ്രലംഭശൃംഗാരത്തെ ഏററവും ആസ്വാദ്യരീതിയിൽ പരിപോഷിപ്പിക്കുന്നുണ്ടു്. ഏതവസ്ഥയിലും മനഃപ്രവൃത്തി സൽപഥത്തിൽ നിന്നു വ്യതിയാനം ചെയ്യാതെ സൂക്ഷിച്ചുകൊണ്ടിരുന്നാൽ സത്യസ്വരൂപനായ ഈശ്വരൻ അഭീഷ്ടങ്ങളെ സാധിപ്പിക്കാതെയിരിക്കയില്ലെന്നുള്ള ദൃഢവിശ്വാസത്തെ കാണിച്ചുകൊടുക്കുന്ന,

സ്ഥിരബുദ്ധിവിടാതെധമ്മദീപ
ദ്യുതിയാൽമാൎഗ്ഗതമസ്സു ഞാനകററി
സതിമാർമണിയായനിന്നൊവോംക്കും;
മതിധൈര്യത്തൊടിരിക്ക നീ മനോജ്ഞേ!!

എന്ന ശ്ലോകം ആശ്വാസനവാക്യങ്ങളുടെ ഉപസംഹാര ഘട്ടത്തിലുള്ളതാണു്.

കവിതാസ്വാരസ്യവും കല്പനാചാതുൎയ്യവും കൊണ്ടു പ്രശംസാർഹങ്ങളായിരിക്കുന്ന പദ്യങ്ങൾ ഈ കൃതിയിൽ സുലഭങ്ങളാണു്.

വിടിരാൻ തുടരുന്ന പൂക്കൾതോറും
ഭ്രമരശ്രേണിമുദാമുരണ്ടിടുന്നു
പ്രണയസ്വരകൈതവേനവശ്യാ-
ഭിധമന്ത്രത്തെയുരുക്കഴിക്കയാവാം

"അയിഭൃംഗ! രജോഗുണാഢ്യപുഷ്പാ-
വലിയിൽത്തന്നെ മനസ്സിരുത്തിമററും
ഭ്രമമോടുകറങ്ങിടുന്നിതേ നീ
മധുപക്കിത്തൊഴിൽയുക്തമെന്നുകേൾപ്പൂ"

ഇത്യാദിപദ്യങ്ങൾ സഹൃദയന്മാരെ സന്തോഷിപ്പിക്കാതെയിരിക്കയില്ല

മുൻകാലങ്ങളിൽഇതുപോലെപ്രേമാവേദകങ്ങളായി ഉണ്ടാക്കാറുള്ള ഒരു വക ശൃംഗാരപദ്യങ്ങളുടെ രീതി ആധുനിക പരിഷ്കാരികൾക്കു അഹൃദ്യങ്ങളായി പരിണമിച്ചിട്ടുണ്ടല്ലോ. പ്രകൃതകൃതിയിൽ ആ വക ഗ്രാമ്യപ്രയോഗലേശംപോലും കാണുന്നില്ല. ഇദാനീന്തനന്മാരായ ചില മഹാകവികളുടെ കൃതികളിൽ പോലും അസുലഭങ്ങളല്ലാത്ത ചില "വൈകല്യങ്ങളും അപഭ്രംശങ്ങളും"ഈ കൃതിയിൽ ഞാൻ കണ്ടില്ല. ആഡംബരഭ്രമം നിമിത്തം ഭയങ്കരങ്ങളായ പദങ്ങളെ തിരഞ്ഞെടുക്കാതെ കഴിയുന്നതും ല

ളിതപദങ്ങളെ തന്നെയാണ് ഇതിൽ പ്രയോഗിച്ചിട്ടുള്ളതു്. പ്രബന്ധത്തിൻെറ ആകെപ്പാടെയുള്ള ഘടനാരീതി അന്യോന്യസംബന്ധവും ക്രമോൽക്കർഷവും മുള്ളവാക്യങ്ങളെക്കൊണ്ടു ഏററവും രമണീയയായിരിക്കുന്നു. ഈ നാലു സംഗതികളാണ് എനിക്കു അത്യന്തം പ്രശസ്യങ്ങളായി ത്തോന്നിയിരിക്കുന്നതു്.

സ്ഥിരമാമനുരാഗമാല,ശാതോ-
ദരി!നാംചാർത്തിയലം രമിച്ചിരിക്കെ
വരണോചിതമാല്യമൊന്നുവേറേ
വരണോ? ചൊൽക നമുക്കു ധന്യശീലേ!

അതിരററൊരുനിൻെറ ദീനഭാവം
പതിവായോർത്തിവനാർത്തികൊണ്ടിടുന്നു.
അതിനൊട്ടുപശാന്തിനൽകിടായ്കിൽ
പതിരാമിജ്ജനിയെന്തിനോ! വഹിപ്പൂ?

ഈ പദ്യങ്ങളുണ്ടാക്കിയ ഈ കവി ദ്വിതീയാക്ഷര പ്രാസനിർബന്ധം നീക്കിവെച്ചതിൽ എനിക്കുണ്ടായ വൈരസ്യം, എൻെറ പ്രാസപക്ഷപാതിത്വദോഷം നിമിത്തമാണെന്നു സമാധാനപ്പെട്ടുകൊള്ളാം.

ഇതുപോലെയുള്ള സരസ കൃതികളെ ലോകോപകാരത്തിനായി ഇനിയും എഴുതുന്നതിന്നു ഈ കവിയെ സർവ്വഥാ പ്രോത്സാഹിപ്പിക്കുകയും അതിന്നുവേണ്ടആയുരാരോഗ്യബുദ്ധിപ്രതിഭാവിശേഷങ്ങളെ ദീർഘിപ്പിക്കുന്നതിന്നു സർവ്വേശ്വരനോടു പ്രാർത്ഥിക്കുകയും ഞാൻ ചെയ്തുകൊള്ളുന്നു.

കോട്ടയം
1100 മേടം 4-ാംനു- } പന്തളം കൃഷ്ണവാര്യർ (ഒപ്പ്)

# അഭിപ്രായം.

കുന്നംകുളം.
29—5—100.

ശ്രീമാൻ വാല്യപറമ്പിൽ കേശവപിള്ള അവർകളുടെ കൃതിയായ 'പ്രണയപ്രസാദം' എന്ന ഖണ്ഡകാവ്യം വായിച്ചുനോക്കുന്നതിനായി വിനിയോഗിക്കപ്പെടുന്ന മണിക്കൂറുകൾ വെറുതേ പോയി എന്നു വരില്ലെന്നാണ് അനുഭവത്താൽ എനിയ്ക്കു തോന്നിയതു്. പ്രകൃതിപ്രഭാവവും അനുരാഗവൈഭവവും ഇതിൽ അകൃത്രിമമായി വർണ്ണിക്കപ്പെട്ടിരിക്കുന്നു. രണ്ടും ഉൽകൃഷ്ടാശയങ്ങൾ കൊണ്ടുദ്ഭാസിപ്പിപ്പാൻ ഗ്രന്ഥകാരൻ അഭിനന്ദനീയമായ ശ്രമം ചെയ്തിട്ടുണ്ടു്. അവിടവിടെ ചില വൈകല്യങ്ങളും അപഭ്രംശങ്ങളും കണ്ടേക്കാമെങ്കിലും, പ്രണയപ്രസാദത്തിന്റെ പ്രണേതാവു വാഗ്ദേവീപ്രസാദത്തിന്നു പാത്രീഭവിച്ചിട്ടില്ലായ്കയില്ലെന്നു സഹൃദയലോകം സന്തോഷിക്കും.

വള്ളത്തോൾ (ഒപ്പ്)

ചേന്നമംഗലം.
30—1—98.

ശ്രീമാൻ വി. കേശവപിള്ള അവർകൾക്ക്

സുഹൃത്തേ!

താങ്കളുടെ 'പ്രണയപ്രസാദം' വായിച്ചുനോക്കി തിരിയെ അയച്ചുതരുവാനുണ്ടായ കാലദൈർഘ്യം ക്ഷന്തവ്യമായിരിക്കുമെന്നു വിശ്വസിക്കുന്നു.

കൃതി ആപാദചൂഡം ഒന്നുരണ്ടു തവണ ഞാൻ വായിച്ചുനോക്കി. വാസനാജന്യമായ കവിത്വം എല്ലാ പദ്യ

ത്തിലും പ്രതിഫലിച്ചുകാണുന്നുണ്ടു്. നല്ലനല്ല ശ്ലോകങ്ങൾ ധാരാളമുണ്ടെന്നു ആരുംതന്നെ സമ്മതിക്കും.

"അനുരാഗവിഹീനരായിട്ടും സ്ത്രീ-
പുരുഷന്മാരുടെ കണ്ഠസീമ്നിബാലെ!
വിലസുന്ന വിവാഹമാലയേതാൻ
കരുതീടുന്നിതു കാളസർപ്പമെന്നായ്."

എന്ന പദ്യമാണു് എനിക്കു എല്ലാററിലും അധികം ബോധിച്ചതു്. ഇതുപോലെ ശയ്യാഗുണവും (ഇതു പ്രായേണ കാണാം) അർത്ഥപുഷ്ടിയുമുള്ള പദ്യങ്ങൾവേറെയും ഇല്ലായ്കയില്ല. എല്ലാം എടുത്തെഴുതി താങ്കളെ ഉത്സാഹിപ്പിക്കേണ്ടതാണെങ്കിലും ചില അസൌകര്യങ്ങളാൽ തൽക്കാലം അതിനു വിചാരിക്കുന്നില്ല.

പുസ്തകം ഒന്നുകൂടി പരിശോധിച്ചു പുറത്തുവിടുക. അനന്തരം വേറെ കൃതികൾ എഴുതിത്തുടങ്ങുക. കവിതാദേവി താങ്കളെ അനുഗ്രഹിച്ചിരിക്കുന്നു.

ആലത്തൂർ അനുജൻനമ്പൂതിരിപ്പാടു് (ഒപ്പു്)

# മുഖവുര.

ഞാൻ ഈ കൃതി എഴുതിത്തീർത്തിട്ട് ഇപ്പോൾ ഏകദേശം അഞ്ചു കൊല്ലത്തോളമായിട്ടുണ്ട്. അതിനുശേഷം നാളതുവരെയും വിശ്രമാവസരങ്ങളിൽ പരിശോധിച്ച് ഓരോ ഭേദഗതികൾ ചെയ്തുവന്നു. ഇതു വായിച്ചുകേൾക്കാനിടയായ ചില സ്നേഹിതന്മാരുടെ പ്രേരണാശക്തി കൊണ്ടു മാത്രം ഇപ്പോൾ പ്രസിദ്ധീകരിക്കാമെന്നു നിശ്ചയിച്ചതാണ്.

മഹാകവികളുടെ മഹിമയേറിയ കാവ്യാമൃതസിന്ധുവിൽ പരിമജ്ജനം ചെയ്തു പരമാനന്ദമനുഭവിക്കുന്ന സഹൃദയലോകങ്ങൾക്ക് അല്പജ്ഞനായ എന്റെ ഈ പുറപ്പാട്ട് രുചിക്കാതെ വന്നേക്കാം. അതിൽ നീരസപ്പെടുന്നതിനൊ അതിശയിക്കുന്നതിനൊ എനിക്കവകാശമില്ല. പ്രത്യുത: ആ മഹാശയന്മാരുടെ ശാസനാപരമായൊ അധിക്ഷേപപരമായൊ ഉള്ള പരിമർദ്ദനങ്ങൾ, സുരഭിലവും മൃദുലവുമായ മനോഹരകുസുമമെന്നോണം ശിരസാ വഹിക്കുന്നതിനും ഞാൻ തയ്യാറുണ്ട്.

"പൊന്നിന്റെ മാററുംകറയുംഹുതാശൻ
തന്നിൽത്തെളിഞ്ഞങ്ങനെകാണുമല്ലൊ" എന്ന മഹാകവിവചനം ആദരണീയമാണല്ലൊ.

വിലയേറിയ സമയം ചിലവു ചെയ്തു ഈ ഗ്രന്ഥം വായിച്ചുനോക്കി സകൌതുകം അഭിപ്രായമയച്ചു തന്നിട്ടുള്ള കവിചക്രവൎത്തിയായ ശ്രീമാൻ വള്ളത്തോൾ നാരായണമേനോൻ അവർകളോടും, ബ്രഹ്മശ്രീ ആലത്തൂർ അനുജൻനമ്പൂതിരിപ്പാട്ട് അവർകളോടും, വിശിഷ്യ, പല ബദ്ധപ്പാടുകളും മനശ്ശരീരങ്ങൾക്കു അസ്വാസ്ഥതയും ഉണ്ടായി

രുന്നിട്ടും എന്റെ അപേക്ഷയെ സ്വീകരിച്ചു ഗ്രന്ഥം മുഴുവൻ പരിശോധിച്ചു സാരമായ ഒരവതാരിക എഴുതിത്തന്ന ശ്രീമാൻ പന്തളം കൃഷ്ണവാര്യർ ആശാൻഅവർകളോടും പല ഉപദേശങ്ങൾ മൂലം എന്നെ സഹായിച്ചിട്ടുള്ള ശ്രീമാൻ തൃക്കൊടിത്താനം വി. നാരായണപിള്ള അവർകളോടും എനിക്കുള്ള കൃതജ്ഞതയെ ഏതു രൂപത്തിലാണ് പ്രകാശിപ്പിക്കേണ്ടതെന്നു ഞാൻ അറിയുന്നില്ല. പ്രൂഫ് പരിശോധിക്കുന്നതിൽ എന്നെ സഹായിച്ചിട്ടുള്ള മാന്യസുഹൃത്തു ശ്രീമാൻ ശങ്കരത്തിൽ ഏ. വി. മാത്യു അവർകളോടും അച്ചടിസംബന്ധമായ ജോലികൾ എത്രയും വേഗത്തിലും ഭംഗിയായും നിർവ്വഹിച്ചുതന്ന തിരുവല്ലാ എൻ. പി. ഹൌസ് പ്രവർത്തകന്മാരോടുംഎനിക്കുള്ള കൃതജ്ഞതയേയും ഇവിടെ പ്രകടിപ്പിച്ചുകൊള്ളുന്നു.

മുഖവുരയായി ഇത്രമാത്രം പ്രസ്താവിച്ചുകൊണ്ടും പരമകാരുണികനായ സർവ്വേശ്വരനെ സർവ്വാത്മനാ പ്രാർത്ഥിച്ചുകൊണ്ടും എന്റെ ഈ പ്രഥമകൃതിയെ മഹാജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

തിരുവല്ലാ. ഗ്രന്ഥകർത്താ.
13...9...100. വർല്ലപറമ്പിൽ കേശവപിള്ള.

# പ്രണയപ്രസാദം

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

## (ഒരു ഖണ്ഡകാവ്യം)

---

1

കരവീര്യ്യമദാന്ധനായ്ജ്ജഗത്തി-
ന്നരുസന്താപമണച്ചിരുന്ന സൂര്യ്യൻ
കരൾകാഞ്ഞു, കരം കുഴഞ്ഞു ഹാ ഹാ!
ചരമശ്വാസമിതാ. വലിച്ചിടുന്നു!!

2

കരശക്തിനശിക്കെ, മുൻപുചെയ്ത-
പ്പരസന്താപദകർമ്മമോർക്കമൂലം
പരിതാപമിയന്നു ഹാ! ദിനേശൻ
കടലിൽച്ചാടിമരിക്കുവാൻ മുതിർന്നോ?

3

കരമായിരവും തളർന്നു, സൂര്യ്യൻ
കരകാണാക്കടലിൽപ്പതിക്കയെന്നായ്;
ഹരിയോഹരി! കാലവൈപരീത്യം
പരിതാപം പരമേതവർക്കുമേകും.

4

ഉലകിൻമണിദീപമായു,മർത്ത്യ-
ജ്വലതേജസ്സോടഹസ്സിനീശനായും,
വിളയാടിയ ദിവ്യവിഗ്രഹം ഹാ!
ത്തുലയാറായിതു; കർമ്മമാർക്കുനീക്കാം?

5

തൃണഭുക്തികഴിച്ചു കുമ്പവീർപ്പി-
ച്ചതിസംതൃപ്തിയോടൊത്തു വാലുമാട്ടി
വഴിയിൽച്ചിലടത്തു നിന്നുമേഞ്ഞും
ഭവനേ കാലികളെത്തിടുന്നു മന്ദം.

6

ചിലകാലികൾ പാശബന്ധമുക്തി-
ശ്ശ്രമമേതും ഫലിയാഞ്ഞു പിന്തിരിഞ്ഞു,
അവശം വിലപിപ്പൂ; ബന്ധനം ഹാ!
സകലർക്കും ഭുവിമർമ്മദാരണം താൻ!!

7

കുലനാരികൾവീടടിച്ചുതൂത്തി-
ട്ടുദകം കൊണ്ടു തളിച്ചു ശുദ്ധിയാക്കി,
രജതപ്രഭചിന്നിടും വിളക്കിൽ
തിരിയും തൈലവുമിങ്ങു ചേർത്തിരിപ്പൂ.

8

ഗൃഹജോലിയൊതുക്കി വെച്ചു നാട്ടിൻ
പുറമാന്നുള്ള പുരന്ധ്രിമാർ കുളിപ്പാൻ
ത്വരിതം നടകൊണ്ടിടുന്നിതാഡം-
ബരവേഷാംബുധിയിങ്കൽമുങ്ങിടാത്തോർ.

9

നഗരാംഗനമാർ പരിഷ്കൃതിപ്പേ-
പിടികൂടിപ്പലരും ഭ്രമിച്ചിടുമ്പോൾ
ഇവരോ സതതം സതീവ്രതൈക-
സ്ഥിരബുദ്ധ്യാ കുലധർമ്മമാചരിപ്പൂ!

10

പരിപാവനജീവിതക്രമത്തെ-
പ്പരിശീലിപ്പവരായ മാതൃലോകം
ഭവനേ പുരുമംഗളം വളർത്തി-
പ്പരമാനന്ദമിയന്നു വാണിടുന്നു.

11

ചെറുബാലികമാർ കുടങ്ങളേന്തി-
പ്പുഴയിൽച്ചെന്നു നിറച്ചു നീരമന്ദം;
ചൊടിയോടു മദിച്ചു മത്സരിച്ചും
ചെടികൾക്കായിത കൊണ്ടൊഴിച്ചിടുന്നു.

12

അളവററനിസർഗ്ഗസുന്ദരശ്രീ
വിളയാടും മലയൊന്നു കണ്ടിടുന്നു;
അതു കാന്തമയസ്സിനെ ക്കണക്കെ
മമ ചിത്തം ബലമായ് ഹരിച്ചിടുന്നു;

13

കതിരോനു കടക്കുവാൻ തടസ്സം
പരമേകും ഗിരിതൻ മുകൾപ്പരപ്പിൽ
കയറാൻ പണി പാരമുണ്ടു; തെല്ലീ-
യടിവാരത്തിലണഞ്ഞു വിശ്രമിക്കാം.

14

മതിമോഹനമായ കാനനശ്രീ
മതിയാംവണ്ണമടുത്തു കണ്ടുകൊൾവാൻ
മൃദുപല്ലവകൈകളാൽ സരാഗം
വിളി കൂട്ടീടുകയോ ലതാവധുക്കൾ?

15

തൃണജാലമശിച്ചു ദൂരെനിന്നോ-
രഴകേറീടിന മാൻ കിടാങ്ങളെല്ലാം
ഇവനെത്തലപൊക്കി നോക്കിവേഗം
ചെവികൂർപ്പിച്ചു കുതിച്ചു പാഞ്ഞിടുന്നു.

16

"കഠിനാശയരാണു മാനുഷന്മാ-
രവരെക്കാണുകതന്നെ പാപമൂലം"
മൃഗരാജി തിരിഞ്ഞുനോക്കിടാതീ-
വിധമോർത്തോടിയതായിരിക്കുമാവോ!

17

ചെറു പുല്ലുകൾ, ചോലവെള്ളമെന്നീ-
വകയാൽ താൻ നിജ ജീവിതം നയിക്കും
മൃഗജാതിയെ യമ്പിനാൽ ത്തുലയ്ക്കും
ഹൃദയത്തിൻ കഥയോർക്കതന്നെ പാപം.

18

ഇടതൂർന്നുളവററ ശാഖതോറും
വിലസും പത്രമണിഞ്ഞ വന്മരങ്ങൾ
നലമോടു വിചിത്രമാതപത്രം
വനലക്ഷ്മിക്കു പിടിച്ചു നില്പുയല്ലീ?

19

രഘുവീരശരത്തിനുള്ള വേഗം
ലഘുവാക്കിച്ചുമയിച്ചിടും പ്രകാരം
രയമാർന്നു കുതിച്ചു പാഞ്ഞു പോമി-
ക്കുശമെൻ കണ്ണിനു കൌതുകം വളർപ്പൂ.

20

മധുവുണ്ടു മദിച്ചു ശാരിക പ്പെൺ-
മണിതൂകും മധുരാർദ്രമായ ഗീതം
തലയാട്ടി രസിച്ചു കേൾപ്പൂ; വല്ലി-
കുലമാടീടുകയല്ല കാററിനാലെ.

21

വിടിരാൻ തുടരുന്ന പൂക്കൾ തോറും
ഭ്രമരശ്രേണി മുദാ മുരണ്ടിടുന്നു;
പ്രണയസ്വര കൈതവേന വശ്യാ-
ഭിധമന്ത്രത്തെ യുരുക്കഴിക്കയാവാം.

22

അയിഭൃംഗ! രജോഗുണാഢ്യ പുഷ്പാ-
വലിയിൽ ത്തന്നെ മനസ്സിരുത്തി മുററും
ഭ്രമമോടു കറങ്ങിടുന്നിതേ നീ;
മധുപക്കിത്തൊഴിൽ യുക്തമെന്നു കേൾപ്പൂ.

23

മധുപങ്ങൾ മഥിച്ചു സത്തശേഷം
ശിവനേ! ഹന്ത! വലിച്ചെട്ടക്കമൂലം
വിളറി ക്കറിനം തളച്ചു പററി-
ച്ചില പുഷ്പങ്ങളിതാ! 'മലൻ' കാണ്മൂ.

24

മൃദുമേനി, മനോജ്ഞ കാന്തിപൂരം,
നവസൌരഭ്യവുമാന്നു മോടിതേടും,
സുമജാലമണഞ്ഞു തേൻ കുടിക്കം
മധുപന്മാർ കൃതപുണ്യരാണു നൂനം

25

കരിവണ്ടുകളെത്ര കണ്ടകന്മാ-
രവർതൻമർദ്ദനമൊക്കെയും സഹിപ്പാൻ
കുസുമങ്ങളതീവ കോമളങ്ങൾ;
വിധിവൈചിത്ര്യവിഹാര മാരറിഞ്ഞു?

9798

26

പലജന്തുഗണം ഹിതാനുസാരം
വിഹരിച്ചോരിടമെത്ര ശാന്തമായി;
മദമത്സരമോഹലോഭകാമാ-
ദികൾ നീങ്ങീടിന മാനസം കണക്കെ.

27

ധവളപ്രഭ ചിന്നി മുന്നിലായി-
സ്സുവിശാലം ശിലയൊന്നു കണ്ടിടുന്നു;
ക്ഷണനേരമിരുന്നു വിശ്രമിക്കാ-
മണയും ദേഹമനസ്സുകൾക്കു സൌഖ്യം.

28

ഒളിയാലിളയേ വിളക്കി യസ്താ-
ചലമാന്നാപ്പകലോന്റെയംശുജാലം
തരുപംക്തിയിലൂടെ യുണ്ടു കാണ്മൂ
കനകക്കമ്പികൾ പോലെ മഞ്ജുളാഭം.

29

തരുശാഖകൾ തോറുമേറി മന്ദം
കളനാദങ്ങൾ ചൊരിഞ്ഞു പക്ഷിവൃന്ദം
ചിറകൊട്ടു വിട്ടത്തിരുന്നു കൊത്തി-
ച്ചെറു കീടങ്ങളെ യുണ്ടിതാ കൊറിപ്പൂ!

30

ശുകിയൊന്നതിദീനമാം സ്വരത്തിൽ
വിലപിക്കുന്നു; വിപത്തഹോ! കഠോരം.
അതിനെന്തു പിണഞ്ഞിരിക്കുമോ! യെൻ-
മനമിക്കാഴ്ചയിലെന്തുഹാ! ചലിപ്പൂ!

31

തറയിൽച്ചെറുചുണ്ടടിച്ചു കേഴും;
തലപൊക്കിച്ചിലപോതു ചുററിനോക്കും;
വളരുന്ന നിരാശയാൽ തദാനീം
തലയും തല്ലിയലച്ചു കേണിടുന്നു.

32

മൃദുമഞ്ജുളനാദമൊന്നു കേൾപ്പൂ;
ശുകികർണ്ണത്തിനതോ സുധാഭിഷേകം?
ഇണയല്ലമകന്നു പോയതിപ്പോ-
ളണയത്താൻ സമാശ്വസിപ്പു രണ്ടും.

33

പ്രണയാംബുധിയായകാന്തനെക്കാൽ-
ക്ഷണനേരം പിരിയേണ്ടിവന്നമൂലം
ശുകിതൻതലതല്ലി വീണുകേണ-
ക്കഥയാലെന്നുടെ മാനസം ദഹിപ്പൂ.

34

ഇവനേതുണയെന്നുറച്ചു രാവും
പകലാക്കിബ്ബത! വാണകാന്തയസ്ത്യോ!
വിരഹാഗ്നിയിൽവെന്തുചാമ്പലായോ?
ശിവനേ! അക്കഥയോക്കയേപ്രയാസം

35

ഇവനല്ലൊരു പൂർവ്വപുണ്യജാലം
നവസൗന്ദര്യമെഴുന്നരൂപമായി
ഭുവിവന്നുപിറന്നാതങ്കമേ! നി-
ന്നവശപ്പാടുകളൊക്കെ ഞാനറിഞ്ഞു.

36

നവമഞ്ജുളകാന്തി ചേർന്നിരുന്ന-
ക്കവിളൊട്ടിപ്പവിഴാധരാഭയററും
കഠിനാതപമേററു വാടിവാഴും
ബിസതുല്യം മൃദുമേനി ഹാ തളന്നും,

37

സഖിമാരൊടുമൻപുചെയ്തിരുന്ന-
സ്സരസാലാപമതിൽ പ്രിയം കുറഞ്ഞും,
പരിമുക്തവിഭൂഷണാംഗിയായും
വിരസത്വം സകലത്തിലും ഭവിച്ചും,

38

വിജനസ്ഥലമൊന്നണഞ്ഞു, കൈയിൽ
തലയും താങ്ങിയിരുന്നു ദീനയായ് നീ
നെടുവീർപ്പൊടുമുള്ളുലച്ചു ചാടും
ചുടുകണ്ണീർപ്പുഴയിൽകുളിച്ചു മയ്യോ!,

39

പ്രണയാതുരനായ്പ്പിരിഞ്ഞുവാഴും
കണവൻ തൻ കനിവാർന്നകായിതങ്ങൾ
അഴലിന്നൊരു ശാന്തിനൽകുമെന്നോ-
ത്തുഴലും ഹൃത്തൊടുനോക്കി നിശ്വസിച്ചും,

40

മൃദുകോമളരശ്മി തൂകി മന്ദം
ദിവി പൂർണ്ണേന്ദു വിളങ്ങിടുന്ന രാവിൽ
"രവിരശ്മി സഹിച്ചിടാം; ഇതോയെ-
ന്നവസാനം തരു"മെന്നു ഹാ! പകച്ചും,

41

ശയനസ്ഥലമാൎന്നനന്തചിന്താ-
വശയായ് കണ്ണുകൾ ചിമ്മിടാതെ തന്നെ
ഹൃദയവ്യഥയെത്തുറന്നു കാണി-
ച്ചിട്ടുമാറായ് പലഗോഷ്ഠിയാചരിച്ചും,

42

അയിമൽപ്രിയജീവനായികേ! നീ
ദയനീയസ്ഥിതി പാരമാൎന്നിവണ്ണം
നിമിഷം യുഗമെന്നു നണ്ണി വാഴ്-
ന്നതുമെല്ലാമിവനുള്ളുകൊണ്ടു കാണ്മൂ. (കുളകം)

43

അതിരറെറാരു നിന്റെ ദീനഭാവം
പതിവായോൎത്തിവനാൎത്തികൊണ്ടിടുന്നു;
അതിനൊട്ടുപശാന്തിനൾകിടായ്കിൽ
പതിരാമിജ്ജനിയെന്തിനോ വഹിപ്പൂ?

44

പ്രണയാനചിതമാശ്രയിച്ച സാധ്വീ-
മണിയെക്കാൽക്ഷണവും പിരിഞ്ഞിടാതെ
പരിപൂരിതഭാഗ്യയുക്തരായോർ
പരമാനന്ദസരിത്തിൽ നീന്തിടുന്നു.

45

കടുപാപികൾ ചൂടിടുന്നൊരെന്നൊ-
ച്ചുട്ടലാക്ഷ്മീമണി നീ വരിക്കമൂലം
കഠിനംചുടുകണ്ണുനീരിലാറാ-
ടിടുവാനിങ്ങനെ ഹേതുവായതാവാം.

46

മലപോൽ തവ നെഞ്ഞുപൊട്ടിയുൾക്കോ-
ടൊഴുകും ബാഷ്പകണങ്ങൾ സൂക്ഷ്മമോൎത്താൽ
വഴിയും മമ താപമായ തീയിൽ
പൊഴിയിക്കും ഘൃതമാണു മഞ്ജുളാംഗി!

47

മലപോലെവരുന്നദുഃഖമേതും
ചലിയാതേ മലർപോലെതാങ്ങിടാം ഞാൻ
തവമാനസസേതുഹന്ത! പൊട്ടി-
പ്രവഹിക്കും ചുടുനീരുകാണ്കവയ്യാ!!

48

മമജീവിതരത്നദീപമേ! നിൻ
ദയനീയസ്ഥിതി ഹാ! കഥം സഹിപ്പൂ?
കരവാളമെടുത്തു നെഞ്ചിലൂന്നി-
ക്കരൾ ചീന്തീടിലുമൊട്ടു ഞാൻ സഹിക്കാം.

49

ഇരവും പകലും ദുരന്തചിന്താ-
തുരനായ്ത്തന്നൊ നയിച്ചിടുന്നതിന്നൊ
പരമേശ്വര! നീ വിധിപ്പൂ? നിൻതൃ-
ച്ചരണാംഭോരുഹദാസനല്ലയോ ഞാൻ?

50

ഹൃദയസ്ഥിതയായ് സദൈവവാഴും
മൃദുലാലാപിനിയൊത്തുസംരമിപ്പാൻ
സദയം വരമേകണം; പരാത്മ-
സ്ഥിതി കല്പിച്ചരുളേണമല്ലയെങ്കിൽ.

51

പരചിന്മയ! ഭക്തലോക രക്ഷാ-
പരനങ്ങെന്നഖിലാഗമങ്ങൾ ചൊൽവൂ;
അവലംബനമററ സാധുഭൃത്യൻ
തവസേവാരതനെന്തു പിന്നമാന്തം?

52

അഥവാ മമകർമ്മസഞ്ചയത്തിൻ
ഫലമിക്കഷ്ടത യെന്നു ചിന്ത ചെയ്യേൻ;
പരമാർത്ഥമതെങ്കി ലാക്കർമ്മോത്ഥാ-
ഘരുതേ നീക്കുവതിന്നു ചാരുശീലേ!

53

തവ പാണിതലം ഗ്രഹിക്കിലോരോ-
നവസൌഖ്യങ്ങളുദിക്കു മെന്നിദാനീം
കരുതുന്നതിനററമാരു കണ്ടു?
വിധിദോഷാലഴൽ നൂറിരട്ടിയാവാം.

54

ഒരു മട്ടു നിനച്ചിടുന്നു മൎത്ത്യൻ;
പരിണാമം പലമട്ടിലെത്തിടുന്നു;
ചിലവേളയതുൾക്കരുന്നിനെത്താൻ
കൊലചെയ്യാൻ ബലമുള്ളതായിടുന്നു.

55

കരകുത്തിയൊലിച്ചിടുന്ന രാഗ-
ത്തിരതൻതള്ളലിലുള്ളിടിഞ്ഞുപാരം
സതിമാർ മണി കണ്വപുത്രി ഗർബ്ബലോ-
ലസയായ് വല്ലഭസീമ്നി ചെന്നു നിന്നു.

56

അനുരാഗമയാർദ്രമന്ദഹാസാ-
ഞ്ചിതമാം സ്വാഗതവാക്യമോതിയിപ്പോൾ
പതി വന്നെതിരേററു കൊണ്ടുപോയി-
പ്പലതും സൽക്കൃതി ചെയ്തിരുത്തുമെന്നും,

57

അവനീപതിയെപ്പിരിഞ്ഞതിൽ പി-
ന്നുന്നരാതായ് മരവിച്ചൊരിന്ദ്രിയങ്ങൾ
അവിളംബമതാതിനുള്ളതാകും
വിഷയം ഭംഗിയിലാസ്വദിക്കുമെന്നും,

58

അവളോൎത്തു പരുങ്ങി നിന്നിടുമ്പോ-
"ളിവളേതെന്തിനുവന്നു," വെന്നുമേറം
ഗരളം പുരളുന്ന വാക്കിനാൽ ത്താ-
നദയം സൽകൃതിചെയ്തു മന്നവേന്ദ്രൻ

59

മദമത്സര വഞ്ചനാദിയെന്തെ-
ന്നറിയാത്തോളവളാര്യപുത്രനോടായ്
പലമട്ടിലിരന്നു; ഹാ കരഞ്ഞു;
തലയും തല്ലി നിലത്തു വീണുരുണ്ടു.

60

"കുടിലേ! വെളിയൽ കടക്ക" ഭ്രട്ട-
ന്മുടിമുത്തിന്റെ മുഖത്തുനിന്നു മേവം
ഇടിപോലൊരു ശബ്ദമുത്ഭവിച്ചു
മടവാരിൻ നിനവെന്തു? വന്നതെന്തോ?

61

അഴകേറിയൊരോമലാളെ മാറിൽ-
ത്തഴുകിക്കൊണ്ടു സുഖിച്ചു വാണിരിക്കെ,
അനിരുദ്ധനടുത്തു തന്നെ കാരാ-
ഗൃഹവാസം വരുമെന്നതാരറിഞ്ഞു?

62

വിരഹം സഹിയാഞ്ഞു വിങ്ങി വിങ്ങി-
ക്കരയും കാന്തയെ രാഘവൻ വനാന്തേ
കരതാരു പിടിച്ചു കൊണ്ടുപോയ-
ച്ചരിതം നാം മിഴിനീരുവാർത്തുകേൾപ്പൂ.

63

പുരുകോമള കാന്തിസിന്ധുവീചീ-
നിരയിൽ തത്തി മറിഞ്ഞ പൊൻമൃഗത്തെ
കുതുകേന പിടിപ്പതിന്നു രാമൻ
കുതികൊണ്ടപ്പൊഴുടുത്ത ഭാവിയോർത്തോ?

64

കൊടുതാകിയ കാട്ടിലാശ്രമത്തിൽ
കുടിപാർപ്പെന്നു മുരത്തമായയാലെ
കുടിലൻ ബത കൊണ്ടുമണ്ടുമെന്നും
സതിയാം സീത കിനാവിലും നിനച്ചോ?

65

അഥ രാമനരാതിവൎഗ്ഗമൂല-
ക്ഷതി യേകി, ച്ചിലവൻപരീക്ഷയാലെ
അവൾ നിൎമ്മലയെന്നു ലോകബോദ്ധ്യം
സ്വഗൃഹം ഹന്ത! വരുത്തി വീണ്ടെടുത്തു.

66

കനകാഭ കലൎന്ന പത്തനം പു-
ക്കനഘാത്മാക്കളെനൎഘലീലയാടി
പ്രണയാൎദ്രമനസ്സൊടല്പകാലം
ഘനസന്തോഷരസാകുലം രമിച്ചു.

67

തദനന്തരമേകയായ്, നിരാലം-
ബനയായ് ജ്ജാനകി ഘോരകാനനാന്തേ
ഉഴലാനിടവന്നു; കഷ്ടമന്നാ-
സ്സ്ഥിതിയാളോ പരിപൂൎണ്ണഗൎഭഭാരാ.

68

മനുജൻ കരുതുന്ന പോലെയെല്ലാ-
മനവദ്യേ! ഭുവി സംഭവിപ്പതുണ്ടോ?
അവനൊന്നിനുമാശ വച്ചിടാതേ
നിജധൎമ്മം മുറപോലെ ചെയ്കയുക്തം.

69

പരിണാമഫലങ്ങൾ, മോഹമെന്നീ-
ക്കരുരണ്ടിന്നുമകൽച്ചഭീമമത്രേ.
പുനരെന്തിനു ഭാവികാൎയ്യചിന്താ-
ശതമാം ഭാരമഹോ! വഹിച്ചിടുന്നു?

70

ഘനമാൎന്നവിഴുപ്പുമേന്തിയാൎത്ത്യാ
നടകൊള്ളും കഴുതയ്ക്കുതുല്യമായി
നരജാലമലഞ്ഞനന്തമാശാ-
ഭരതാന്താശയരായ് ദിനം നയിപ്പൂ.

71

ഒരുനേരവുമൊന്നുകൊണ്ടുമേത്തും
ഹൃദിസന്തുഷ്ടിപെടാതെ മാനുഷന്മാർ
ഉഴലുന്നിതു ദൈന്യമാൻ ഹാ ഹാ!
ചുഴിയിൽ പെട്ടൊരു പുൽക്കൊടിക്കുതുല്ല്യം.

72

നരമാനസമുററമോഹമാകും
മദിരച്ചാറുകുടിച്ചു മത്തടിയ്ക്കു
ഒരു വസ്തുവിലും സ്ഥിരപ്പെടാതേ
ഭ്രമണം ചെയ്യുതു യുക്തമായിരിപ്പൂ.

73

നരമാനസമാശയാം മരത്തിൽ
തലകീഴായ്മറിയുന്ന പേക്കരങ്ങാം;
ഒരു നേരവുമായതിന്നു ചെറവും
സ്ഥിരതയ്ക്കില്ലവകാശമെന്നു ഞായം.

74

ക്ഷിതിയിൽ സുഖദുഃഖജാല മോരോ-
വിധമായ് ദ്ദേഹികളാൻ കാണ്മതെല്ലാം
മതിശാലിനി! കമ്മജാതമാണാ-
യതു മായ്ക്കുന്നതിനാക്ക ശക്തിയുള്ളൂ?

75

അജ,നംബുജനാഭ,നിന്ദുചൂഡൻ
മുതലായോരുമൊരിക്കലാത്മനാഥേ!
നിജകമ്മഫലം ഭുജിച്ചിട്ടന്നു;
മനുജന്മാരുടെ കാര്യ്യമെന്തുപിന്നെ?

76

ക്ഷണനശ്വരരൂപമിപ്രപഞ്ച-
സ്ഥിതിയോത്തീടുക കമ്മജാതമെന്നായ്;
ബഹുജീവികളിങ്ങു കാണ്മതെല്ലാം
നിജകമ്മത്തിനധീനരാണതോനം.

77

ബല, മാകൃതി, ബുദ്ധി, വിദ്യ, കൃത്യാ-
ദികളിൽ ബ്ഭിന്നതയാൎന്ന ജീവിജാലം
വിധിപോൽ നിജ കൎമ്മമാചരിക്കു-
ന്നതിനാലീയുലകം നിലയ്ക്കു നിൽപ്പൂ.

78

ക്ഷണഭംഗുരഭോഗജാല വാഗുര-
യ്ക്കടിമപ്പെട്ടുഴലാതെ മാനനീയേ!
പ്രണയം നിലനിൎത്തി വാഴണം; ഭൂ-
തല രക്ഷയ്ക്കുള്ള ജന്തുധൎമ്മമത്രേ.

79

അണുവും കറകൂടിടാതൊലിക്കും
പ്രണയത്തിന്നു വശപ്പെടാതെ ലോകെ
ഒരു ജീവിയുമെങ്ങുമില്ല; സാക്ഷാൽ
ജഗദീശൻ പ്രണയസ്വരൂപനല്ലോ.

80

പ്രണയാമല തൈലമററുപോകു-
ന്നളവിൽത്താൻ പൊലിയുന്നുകൎമ്മദീപം;
ഇടതൂൎന്നെഴുമന്ധകാരപൂരേ
മുഴുകുന്നാപ്പൊഴുതൊക്കെയും പ്രപഞ്ചം.

81

പ്രണയാമൃത സത്തിനാൽക്കൊഴുക്കും
പദമേതോ ഹൃദി കണ്ടുകൊണ്ടുതന്നൊ
അരയും തലയും മുറുക്കി നിൽപ്പൂ
നിജകൎമ്മോത്സുകമായ ജീവിലോകം

82

ചിലജീവികളാത്മകൎമ്മശക്തി-
ത്തികവാലപ്പദമോടടുത്തിടുന്നു;
ചിലരോ പുറകിൽ ക്കിടന്നു കഷ്ടം!
തലതല്ലിത്തളരുന്നു കൎമ്മദോഷാൽ.

83

സുഖദുഃഖയുതം മനുഷ്യജന്മം
പകൽരാവൊത്തു ദിനങ്ങളെന്ന പോലെ;
അതിലൊന്നു കഴിഞ്ഞിടുമ്പൊൾ മറേറ-
തുദയം ചെയ്യുക ലോക സമ്പ്രദായം.

84

മുഴുതിങ്കളുദിച്ചു തൻ നറും പാ-
ലൊളിതിങ്ങും കതിർ വീശി വാനിടത്തിൽ
തെളിവോടുമുയൎന്നു നിന്നിടുമ്പോൾ
ജലദശ്രേണി മറച്ചിടാം ചിലപ്പോൾ.

85

നരരാത്മസുഖാബ്ധി തൻെറ കോളിൽ
കരകാണാതെ കിടന്നു കൂത്തടിക്കും;
കരൾ കാഞ്ഞു കരിഞ്ഞു ഹാ! ചിലപ്പോൾ
നരജന്മം നരകോപമം വെറുക്കും.

86

വ്യഥ താഴ്ത്തുകയല്ല ചെയ്യുതെന്നും;
പുരു ചൈതന്യമഭ്രുതപൂൎവ്വമേകി,
സ്ഥിര ഹൃത്തുകളിൽ കനിഞ്ഞു സത്യോ-
ന്നതിയിൽ പ്രേരണ ചെയ്ക-തൽസ്വഭാവം.

87

ബഹുദുൎഗ്ഗുണ പങ്കമാണ്ടു മങ്ങി-
പ്പൊലിയും മാനുഷചിത്തമായ രത്നം
രുജയാം നികഷത്തിൽ വച്ചുരച്ചാൽ
നവകാന്തിച്ഛടയേന്തി മിന്നുമല്ലൊ.

88

കഠനം കനലാണു; മാനുഷാന്തഃ-
കരണം കാഞ്ചനമെന്നുമെണ്ണിടേണം;
കനകത്തിനു കാന്തി കൂടുമല്ലൊ
കനലിൽച്ചുട്ടു വരുത്തെടുത്തുവെന്നാൽ.

89

കദനം സതി! നിന്ദചെയ്തു, കാലോ-
ചിത 'ധർമ്മസ്മൃതി' വിട്ടു വാണിടുന്നോൻ
ജളൻ; ആയവനെത്ര കിട്ടിടട്ടേ,
സുഖം—ആര്യേ! അതു കണ്ഠപാശമാകും.

90

സ്ഥിരബുദ്ധിയെഴും വിവേകികൾക്കോ
കദനാനന്തരജാത സൌഖ്യജാലം;
മദമത്സരമേററി ജീവിതാധഃ—
പതനത്തിന്നിടയാക്കുകില്ല ബാലേ!

91

നിലവിട്ടുയരുന്ന താപമെന്നാൽ
തലതല്ലി പ്രലപിപ്പതെന്തിനാവോ?
ക്ഷമയോടതു നാം സഹിക്കയുക്തം;
പരരോ നമ്മുടെ സൌഖ്യമാസ്വദിപ്പോർ?

92

അലിവേറിയ തമ്പുരാന്റെ സർഗ്ഗാ-
മലവൈചിത്ര്യ രഹസ്യ സൂക്ഷ്മതത്വം
അണുപോലുമറിഞ്ഞു തീർച്ചചെയ്വാൻ
മനുജശ്രേണിയിലേതൊരാൾക്കു സാദ്ധ്യം?

93

അതിലക്ഷമരായനുക്ഷണം നാം
ഹൃദയം ചുട്ടുപൊടിച്ചു ജീവിതത്തെ
നലമോടു വെറുക്കിലാര്യശീലേ!
ഫലമെന്തായതിരട്ടി താപഹേതു.

94

സതി! നിന്നാനഘാനുരാഗമാം പാൽ-
പ്പുഴയിൽ ച്ചേലൊടു കേളി ചെയ്കവേ ഞാൻ
അഭിലാഷവിഭംഗശങ്കയാകും
ഗരളം മൽക്കരളിൽ കടപ്പതാമോ?

95

മനുജക്കു മനസ്സിനിന്നു മെന്നും
പരമാഹ്ലാദരസാനുഭൂതി നല്കും,
അനുരാഗമതായ കല്പകപ്പൂ-
മധുവിൻ മാധുരി വാങ്ങ് മനോവിദൂരം.

96

തനുകോമളകാന്തി കണ്ണിൽ മുട്ടു-
ന്നളവിൽത്താനുളവായിടും വികാരം
ക്ഷണമസ്ഥിര കാമമേകിലാ; മെ-
ന്തനുരാഗത്തൊടതിന്നു ബന്ധമോക്കിൽ?

97

പരിപാവനമായ് കുതിച്ചു പായു-
ന്നനുരാഗപ്പുഴ സദ്വിവേകജാതം;
സ്ഥല കാലതടസ്സമററതെന്നും
തടസംസ്ഥക്കരുളുന്നു പൂർണ്ണസൌഖ്യം.

98

ഉലകിൽ പ്പുകളുററ സവ്വശക്തി-
പ്രസരത്തേയുമൊരൊററ മന്ദഹാസാൽ
നിജകീഴിലമത്തി നിത്തി ഹാ! ഹാ!
വിജയിപ്പൂ! വിമലാനുരാഗമെന്നും.

99

ഹൃദയത്തിനു രത്നദീപമായും,
പരിപാലിപ്പൊരു ധമ്മദൈവമായും,
തനുഭൃൽകുല ജീവനാഡിയായും,
വിജയിപ്പൂ! വിമലാനുരാഗമെന്നും.

100

സുമനസ്സുകൾ തൻ മനസ്സിലോലു-
ന്നനുരാഗാമൃതമററ വീയ്യമോടേ
വിജയിച്ചിടവേ പുകഴ്ത്തുമാര-
ജ്ജലജാതാമൃതവൈഭവം ജഗത്തിൽ?

101

അനുരാഗമതെത്ര ശുദ്ധി വാച്ചും
സ്ഥിരമായും നിലകൊൾകിലും സുശീലേ!
നിജധർമ്മവിലോപമാർഗ്ഗമാർന്നി-
ട്ടഭിലാഷം സഫലീകരിക്ക നിന്ദ്യം.

102

തവ ബന്ധുജനങ്ങളെന്തു ഭദ്രേ!
പരമാർത്ഥങ്ങളശേഷവും ഗ്രഹിപ്പൂ?
അപവാദനിദാന വാർത്തയന്നാ-
ളറിയും ദുർജ്ജനസൃഷ്ടിയെന്നനന്തരം.

103

ഇരുവർക്കു പരസ്പരാനുരാഗം
കറ കൂടാതെ ഭവിക്കിലായതിന്മേൽ
അപവാദകഠോരമന്ത്രമോതി-
ട്ടൊളിയമ്പെയ്യുക ദുർജ്ജനസ്വഭാവം.

9798

104

അപവാദഫണീന്ദ്രനു ദ്വമിക്കും
ഗരളജ്വാല പിടിച്ചു കാമിതങ്ങൾ
ഫലിയാതവശം കിടന്നു കേഴും
മിഥുനങ്ങൾക്കൊരു സംഖ്യയില്ല ലോകെ.

105

നിജ മൂക്കു മുറിച്ചുമക് ഖലന്മാർ
ശകുനം ഹന്ത! മുടക്കിടുന്നു മേന്മേൽ
അവർതൻ തലയൊക്കെ വെന്തടിഞ്ഞാ-
ലുലകം വാനിനെയന്നുതന്നെ വെല്ലും.

106

കഴിയും പടി വേല ചെയ്തു കണ്ണേ-
ജപരേററം കൃതകൃത്യ രായിടട്ടെ!
വിജയിപ്പതു സത്യമൊന്നു തന്നെ;
സകലേശൻ സകലജ്ഞനെന്നുമോർക്കൂ.

107

സ്ഥിരബുദ്ധി വിടാതെ ധർമ്മ ദീപ-
ദ്യുതിയാൽ മാർഗ്ഗതമസ്സു ഞാനകററി
സതിമാർമണിയായ നിന്നെ വേൾക്കും;
മതിധൈര്യത്തൊടിരിക്ക നീ മനോജ്ഞേ!

108

അനുരാഗസുരദ്രു കായ്ക്കുമോമൽ-
ക്കനിസങ്കല്പബലാൽ ഭുജിച്ചു കാന്തേ!
അതുനാൾവരെ യങ്ങുമിങ്ങു മേവം
മരുവീടാ, മിരുളെത്ര നീണ്ടുനിൽക്കും?

PRESENTED BY
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

109

പ്രണയാർദ്രമനോജ്ഞ മന്ദഹാസ-
പ്പുതു പൂന്തേനൊലിയുന്ന നിൻമുഖാബ്ജം
നുകരാനിനിയെന്നു സാദ്ധ്യ?മല്ല-
ല്ലതിനിപ്പോൾ ചെറുതും തടസ്സമുണ്ടോ?

110

സതതം മമ മാനസാംബരേ നിൻ-
മുഖമാകും മുഴുതിങ്കൾ പങ്കജാക്ഷി!
മൃദുപുഞ്ചിരി വെണ്ണിലാവു തൂകി-
പ്പുരിശോഭിപ്പിതു പക്ഷഭേദമെന്യേ.

111

പല പാടുകൾപെട്ടു ജീവിതാശാ-
ലത വാടിത്തളരുമ്പോളൊക്കെയും ഞാൻ
ഒളിയും തെളിവും കൊടുത്തിടുന്നു
തവ ചിന്താമൃത സേചനത്തിനാലെ.

112

സ്ഥിരമാമനുരാഗമാല ശാതോ-
ദരി! നാം ചാർത്തിയലം രമിച്ചിരിക്കെ,
വരണോചിത മാല്യമൊന്നു വേറേ
വരണോ? ചൊൽക നമുക്കു ധന്യശീലേ!

113

അനുരാഗവിഹീനരായിട്ടും സ്ത്രീ-
പുരുഷന്മാരുടെ കണ്ഠസീമ്നി ബാലേ!
വിലസുന്ന വിവാഹമാല്യയേ ഞാൻ
കരുതീടുന്നിതു കാളസർപ്പമെന്നായ്.

114

തെളിവോടനുരാഗരത്നദീപ-
പ്രഭ തത്തും തവ ഹൃത്തിനായജസ്രം
സകലോപരി മംഗലാത്മികേ! ഞാൻ
ഹൃദയം കൊണ്ടു സ്വപത്യ ചെയ്തിടുന്നു.

115

തവസൽപ്രണയം സതീമണേ! മൽ-
സുകൃതപ്പാൽക്കടലിൽപ്പിറന്നതാകും
കമനീയ സുധാരസൈകസത്തെ-
ന്നഭിമാനിച്ചു കൃതാർത്ഥനായിടുന്നേൻ.

116

അനുരാഗമൃദുസ്മിതാക്ഷരശ്രീ-
മയമായ് നിന്നുടെ നാവിൽ നിന്നുമൂറും
മധുരാസവമാസ്വദിച്ചു മത്താ-
ന്തരികേ മുന്നമിരുന്ന കാലമായ്യോ!

117

പ്രണയാകൃതി സൌകുമാര്യവും, സം-
സ്ഫുരിതാകർഷണ ശക്തിയും മനോജ്ഞേ!
ജഡനേത്ര മറിഞ്ഞിരിക്ക; മന്തർ-
നയനത്താലതു ഞാനിതാ! ഗ്രഹിപ്പൂ (യുഗ്മകം)

118

വിരഹാവസരത്തിലുജ്ജ്വലിക്കും
പ്രണയാകർഷണശക്തി, സംഗകാലേ
വെളിവാകുകയില്ല; ചാമ്പൽ പറ്റീ-
ട്ടൊളി മങ്ങും കനൽപോലെയെന്നു ചൊല്ലാം.

119

വിരഹത്തിലഹോ! വിശുദ്ധിവായ്പൂ
പരമാത്മൈക്യ സുഖത്തിനെന്നിരിക്കെ;
ജഡഭോഗരതാന്ധ ചിത്തരല്ലോ
ക്ഷമയില്ലാതെ കിടന്നു കേണിടുന്നു.

120

ശുഭദായിനി! കണ്ടിടുന്ന ബാഹ്യാ-
നുഭവങ്ങൾക്കു ജഡസ്വഭാവമെങ്ങും;
പരമാന്തരികാനുഭൂതിതന്നോ
ശരിയായുള്ളതു—മിത്ഥ്യ യന്യ മോക്കിൽ.

121

വ്രതശാലിനി! നിന്നെ വേർ പിരിഞ്ഞി-
ജ്ജഡമാകും തനു വാഴ്കിലും വിദൂരെ,
പരചിദ്രസസ്വരൂപമായൊരാത്മാ-
വനിശം നിന്നൊടു കേളിചെയ്തിടുന്നു.

122

പരമാർത്ഥമുരച്ചിടുന്ന ശാന്തേ!
ജഡദേഹങ്ങളകന്നു വാഴ്കിലെന്തോ
പരമൈക്യപുരസ്സരം രമിപ്പൂ
പരമാത്മാക്കളതാരു കണ്ടിടുന്നു?

123

സുഖദുഃഖമശേഷമാത്മനാഥർ
പക കൂടാതെ പരസ്പരം ഗ്രഹിപ്പൂ.
തനു നശ്വര;മെന്നിരിക്കിലും ശാ-
ശ്വതരാത്മാക്കളതിന്റെ ചേർച്ചയോഗ്യം.

KRISHNA ... ASOM GRANDHASALA
E477
PRESENTED BY:
... K. VASUDEVAN NAIR

124

യാതൊന്നാണു തിരഞ്ഞിടുന്നതു സദാ
വേദാന്ത വിജ്ഞാനികൾ?
യാതൊന്നാണു വിളങ്ങിടുന്നതു പരം
ജ്യോതിസ്സ്വരൂപത്തൊടും?
യാതൊന്നാണിഹ നശ്വരത്വമണയാ-
തുള്ളോരു സൌഖ്യാസ്പദം?
ചേതസ്സാ പ്പരമാത്മ നിർവ്വതിപദം
പ്രാപിച്ചിടട്ടേ ശുഭം!!

സമാപ്തം.

9798

# നോട്ടീസ്

## നവീനാദ്ധ്യാപനം

അദ്ധ്യാപനതത്വങ്ങളെ ക്രോഡീകരിച്ചും, പ്രധാന വിഷയങ്ങളുടെ ബോധനാരീതികളും, പാഠക്കുറിപ്പുകളും ചേർത്തും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു അദ്ധ്യാപനഗ്രന്ഥം. എല്ലാ അദ്ധ്യാപകന്മാർക്കും വളരെ പ്രയോജനപ്പെടുന്നതു്.

വില അണ 12. തപാൽക്കൂലി പുറമെ

ഗ്രന്ഥകർത്താ

എൻ. ശിവശങ്കരപ്പിള്ള ബി. ഏ, എൽ. ററി.

ഹെഡ്മാസ്റ്റർ

മലയാളംഹൈസ്കൂൾ.

ചാല.

തിരുവനന്തപുരം

ആവശ്യക്കാർഗ്രന്ഥകർത്താവിനോടപേക്ഷിക്കുക.

12477

# പ്രണയപ്രസാദം

(ഒരുഖണ്ഡകാവ്യം)



ഗ്രന്ഥകർത്താ

## വി. കേശവപിള്ള

തിരുവല്ലാ.

Printed at the National Printing House,
Tiruvalla.

Indic Digital Archive Foundation
gpura.org